## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4075 — 20.03.2018 -ൽ മറുപടിയ്ക്ക്

### റബ്ബർ തോട്ടങ്ങളിലെ ഇടവിളക്ക് ബോർഡിൽ നിന്നും സഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| (എ) റബ്ബർ ബോർഡുമായി സഹകരിച്ച് പുതുകൃഷി ചെയ്ത റബ്ബർ തോട്ടങ്ങളിൽ ഇടവിളയായി വാഴ, പച്ചക്കറി തുടങ്ങിയവ കൃഷിചെയ്യുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) പ്രസ്തുത കൃഷി കൂടുതൽ സ്ഥലത്ത് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ; | (ബി) പുതുകൃഷി ചെയ്യുന്ന റബ്ബർ തോട്ടങ്ങളുടെ വിസ്തൃതി, പച്ചക്കറി കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകരുടെ വിവരങ്ങൾ എന്നിവ റബ്ബർ ബോർഡ് കൃഷി വകുപ്പിനെ അറിയിക്കുന്ന മുറയ്ക്ക് കൂടുതൽ സ്ഥലത്ത് വ്യാപിപ്പിക്കുന്നതാണ്. |
| (സി) എങ്കിൽ അതിന് റബ്ബർ ബോർഡിൽ നിന്നും എന്ത് സഹായം ലഭിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ? | (സി) റബ്ബർ ബോർഡ് സഹായം ലഭ്യമാക്കുന്നില്ല. 2017-2018 വർഷം പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ നിന്നും ഹെക്ടറൊന്നിന് 15,000/- രൂപ നിരക്കിൽ 373.4 ഹെക്ടറിലേയ്ക്ക് കൃഷി വകുപ്പ് സഹായം അനുവദിച്ചിട്ടുണ്ട്. |

Sunilkumar

സെക്ഷൻ ഓഫീസർ